**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 456** **16-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്കായി ആരോഗ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികളുടെ സമഗ്രമായ ആരോഗ്യ പുരോഗതി ലക്ഷ്യമിട്ട് നൂതന സ്കൂൾ ആരോഗ്യ പരിപാടി പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ; | (എ) | സ്കൂൾ കുട്ടികളുടെ സമഗ്രമായ ആരോഗ്യ പുരോഗതിയും ക്ഷേമവും ലക്ഷ്യമിട്ട് നൂതനമായ സ്കൂൾ ആരോഗ്യ പദ്ധതി രൂപീകരിച്ചു വരുന്നു. ഇതിലൂടെ കുട്ടികളുടെ ആരോഗ്യ സ്ക്രീനിംഗ്, ശാരീരിക മാനസിക സാമൂഹിക ആരോഗ്യ മേഖലകളിൽ വിശദമായ ബോധവൽക്കരണം നൽകുക, സ്വഭാവ രൂപീകരണം വരുത്തുക, അയൺ ഗുളിക, വിര നിർമ്മാർജന ഗുളിക, സാനിട്ടറി നാപ്കിൻ മുതലായവ കുട്ടികൾക്ക് നൽകുക, ഇലക്ട്രോണിക് ആരോഗ്യ രേഖകൾ തയ്യാറാക്കുക, പ്രഥമ ശുശ്രൂഷാ നൈപുണ്യം അദ്ധ്യാപകർക്കും കുട്ടികൾക്കും നൽകുക എന്നീ അഞ്ചു പ്രധാന മേഖലകളിൽ ഉൾപ്പെടുന്ന വിശദ പരിപാടികളും ഘടകങ്ങളും കൂട്ടി ചേർത്തായിരിക്കും പദ്ധതി രൂപീകരിക്കുന്നത്. |
| (ബി) | 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി ഈ സർക്കാർ നടപ്പാക്കി വരുന്ന ആരോഗ്യ കിരണം പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | രാഷ്ട്രീയബാൽ സ്വാസ്ഥ്യ കാര്യക്രം, കാരുണ്യ ബനവലന്റ് ഫണ്ട്, താലോലം പദ്ധതി, ക്യാൻസർ സുരക്ഷാ പദ്ധതി, ആർ.എസ്.ബി.വൈ, ചിസ് പ്ലസ് എന്നീ പദ്ധതികൾ യോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യമായി ചികിത്സ നൽകുന്ന ആരോഗ്യ കിരണം പദ്ധതി നടപ്പിലാക്കുന്നു. സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ ഈ പദ്ധതിയുമായി സഹകരിക്കുന്നതിന് സ്വകാര്യ ആശുപത്രികളെയും എംപാനൽ ചെയ്തിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെയും ഇൻകംടാക്സ് ഒടുക്കുന്നവരുടെയും കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. |
| (സി) | കുട്ടികളിൽ സർവസാധാരണമായി കണ്ടുവരുന്ന | (സി) | കുട്ടികളുടെ പോഷണത്തിനും വിളർച്ച രോഗ |

| | | | |
|---|---|---|---|
| | വിളർച്ച, പോഷകക്കുറവ് എന്നിവ കണ്ടെത്തി സമയബന്ധിതമായി ചികിത്സ നൽകുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; വിശദമാക്കുമോ? | | നിർമാർജനത്തിനും അതീവ പ്രാധാന്യം നൽകിക്കൊണ്ട് RBSK, കൗമാര ആരോഗ്യ (RKSK) പദ്ധതികൾ വഴി കുട്ടികളുടെ ആരോഗ്യ സ്ക്രീനിംഗ്, കൗൺസിലിംഗ്, ബോധവത്കരണം, കുടുംബാരോഗ്യ കേന്ദ്രങ്ങൾ/ ജില്ലാ-താലൂക്ക് ആശുപത്രികൾ വഴി ചികിത്സ മുതലായവ നിലവിൽ നടന്നുവരുന്നുണ്ട്. വിളർച്ച അകറ്റാൻ ഉള്ള WIFS പദ്ധതി വഴി അയൺ ഗുളികകൾ പ്രതിവാര അടിസ്ഥാനത്തിൽ നൽകിവരുന്നു. വർഷത്തിൽ രണ്ടു തവണ വിര നിർമ്മാർജന ഗുളികകൾ സ്കൂൾ കുട്ടികൾക്ക് നൽകുന്നു. വിളർച്ച നിർമാർജനം ചെയ്യാനുള്ള വിവ കേരള പദ്ധതിയിൽ 15 വയസിനു മുകളിൽ ഉള്ള പെൺകുട്ടികൾ ഉൾപ്പെടുന്നു. നിലവിൽ കണ്ടുവരുന്ന പോഷണ വൈകല്യങ്ങൾ, വിളർച്ച മുതലായ അവസ്ഥകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പുതുതായി നടപ്പിലാക്കുന്ന സ്കൂൾ ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ